*Malappuram District Police*

## **12.08.2017 മഞ്ചേരി**

കടകൾ കുത്തിതുറന്ന് മലഞ്ചരക്കുകളും മൊബൈൽഫോണുകളും കവന്ന സംഘത്തിലെ അഞ്ചുപേരെ മഞ്ചേരി പോലീസ് അറസ്റ്റുചെയ്തു. വട്ടപ്പാറ ഇന്ത്യന്നൂർ കൊല്ലച്ചാട്ടിൽ ശരത്ത് (20) വറ്റല്ലൂർ പാലഹൗസില് യാസര് അറാഫത്ത് (29) പാങ്ങ് കറ്റത്തേടത്ത് ഹൗസിൽ അബ്ദുൾകരീം (32) വറ്റല്ലൂർ കോൾകളത്തിൽ മുഹമ്മദ് ഷാനിബ് (20) അരക്കുപറമ്പ് മാത്തോണിഹൗസിൽ മുഹമ്മദ് സർഷാദ് (20) എന്നിവരെയാണ് മഞ്ചേരി സി.ഐ. എൻ.ബി. ഷൈജുവിന്റെ നേതൃത്വത്തിൽ അറസ്റ്റുചെയ്തത്.

മഞ്ചേരി കാരക്കുന്നിൽ മൊബൈൽകട കുത്തിതുറന്ന് ലക്ഷങ്ങളുടെ കവർച്ച നടത്തിയ കേസിന്റെ അന്വേഷണമാണ് പ്രതികളിലെത്തിയത്. മോഷണത്തിന് എത്തിയ വാഹനത്തെക്കുറിച്ച് പോലീസിന് സൂചന ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അത് വാടകക്കെടുത്ത ശരത്തിനെയും മറ്റുപ്രതികളെയും പിടികൂടിയത്. മേലാറ്റൂർ, വറ്റല്ലൂര്, പുലാമന്തോള്, മൈലപ്പാടം, ചെത്തല്ലൂർ എന്നിവിടങ്ങളിലെ മലഞ്ചരക്ക് റബർഷീറ്റ്കടകള് കുത്തിതുറന്ന് 35 ലക്ഷം രൂപയുടെ റബർഷീറ്റുകളും കുരുമുളക്, അടയ്ക്ക എന്നിവയും മോഷ്ടിച്ചതായി പ്രതികള് സമ്മതിച്ചിട്ടുണ്ട്.

ഓഗസ്റ്റ് എട്ടിന് ചുങ്കം, മംഗലം എന്നിവിടങ്ങളിൽ കടകള് കുത്തിത്തുറന്ന് 500 കിലോയോളം റബർഷീറ്റ് കവർന്നകേസിനും തുമ്പായി. അങ്ങാടിപ്പുറം അരിപ്രയിൽ ജൂലായ് ഒൻപതിന് ബൈക്ക് മോഷ്ടിച്ചതും ഇവരാണെന്ന് പോലീസ് പറഞ്ഞു. ആറുമാസം മുമ്പ് തിരൂരങ്ങാടിയിൽ മൊബൈൽക്കട കുത്തിത്തുറന്ന് 20 ലക്ഷം രൂപയുടെ ഫോണുകൾ മോഷ്ടിച്ച കേസിലും ഇവര് പ്രതികളാണ്.

മുമ്പ് കോഴിയവശിഷ്ടങ്ങളെടുത്ത് തട്ടുന്ന ജോലിയാണ് പ്രതികള് ചെയ്തിരുന്നത്. വണ്ടൂർ, പെരിന്തൽമണ്ണ, കാടാമ്പുഴ സ്റ്റേഷനുകളിൽ പൊതുസ്ഥലത്ത് കോഴിയവശിഷ്ടം തള്ളിയതിന് ഇവരുടെ പേരിൽ കേസുണ്ട്. പകൽസമയങ്ങളിൽ ബൈക്കിൽ കറങ്ങി കടകള് നിരീക്ഷിച്ചശേഷം രാത്രി മോഷണം നടത്തുകയായിരുന്നു. അബ്ദുൾകരീം വണ്ടൂർ പോലീസ്സ്റ്റേഷനിലെ പിടികിട്ടാപ്പുള്ളിയാണ്.

മഞ്ചേരി എസ്.ഐ. റിയാസ് ചാക്കീരി, അബ്ദുറഹ്മാൻ, ഫക്രുദ്ദീൻ എം. സത്യനാഥൻ, അബ്ദുള് അസീസ്, ശശി, ഉണ്ണിക്കൃഷ്ണൻ മാരാത്ത്, പി. സഞ്ജീവ് തുടങ്ങിയവരാണ് അന്വേഷണസംഘത്തിലുണ്ടായിരുന്നത്.